# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 708

11.03.2015- ൽ
മറുപടി.

## ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്

**ചോദ്യം**

ശ്രീ.കെ.എൻ.എ.ഖാദർ

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സർക്കാർ സ്ഥലം കണ്ടെത്തി നൽകിയാൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (AIIMS) കേരളത്തിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിയ്ക്കുമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ സ്ഥാപനത്തിന് ഏതെല്ലാം സ്ഥലങ്ങളാണ് പരിഗണിയ്ക്കുന്നത്; വ്യക്തമാക്കുമോ?

(എ) ഉണ്ട്.

(ബി)& (സി), കേരളത്തിന് ‘എയിംസ്’ അനുവദിക്കുന്ന വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെടുകയും വിശദമായ വിലയിരുത്തലുകൾക്ക് ശേഷം താഴെപറയുന്ന നാല് പ്രദേശങ്ങൾ എയിംസ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു.

1) കോഴിക്കോട് ജില്ലയിലെ കിനാലൂർ കാന്തലാട് വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം.

2) കോട്ടയം ജില്ലയിലെ ആർപ്പൂക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം.

3) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിന് സമീപത്തായി ലഭ്യമായിട്ടുള്ള 263.45 ഏക്കർ സ്ഥലം.

4)എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ 123.5 ഏക്കർ സ്ഥലം.

ഈ നാല് പ്രദേശങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ചെക്ക് ലിസ്റ്റായി തയ്യാറാക്കി നൽകുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ആയത് നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ദ്ധർ അടങ്ങുന്ന സംഘം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് ബഹു. കേന്ദ്ര ആരോഗ്യ മന്ത്രി ബഹു. മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ